LIBRARY ARCHIVES Kerala Legislative Assembly

മിശ്രവിവാഹിതർക്ക് ധനസഹായം

346 (1820) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതർക്ക് എന്തെല്ലാം വിധത്തിലുള്ള ധനസഹായങ്ങളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് അനുവദിക്കുന്ന ധനസഹായം എത്രയാണെന്നും ധനസഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സഹായധനം ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുണ്ടോ എന്നും ഉണ്ടെങ്കിൽ ഭാര്യയും ഭർത്താവും സംയുക്തമായാണോ ഓരോ വ്യക്തികളായാണോ, സമർപ്പിക്കേണ്ടത് എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്കുള്ള വിവാഹധനസഹായം മാത്രമാണ് സാമൂഹ്യനീതി വകുപ്പ് വഴി നൽകിവരുന്നത്. 30,000 രൂപ ഒറ്റത്തവണ ധനസഹായമായി മിശ്ര വിവാഹിതർക്ക് അനുവദിക്കുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാകുകയും 3 കൊല്ലം കഴിയാതിരിക്കുകയും ചെയ്യുന്ന ദമ്പതികൾക്ക് ധനസഹായത്തിന് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസർ നൽകിയ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മിശ്രവിവാഹം രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് സബ് രജിസ്ട്രാർ, പഞ്ചായത്ത് പ്രസിഡന്റ്, ഗവൺമെന്റ് അംഗീകരിച്ച ഒരു മിശ്ര വിവാഹ സംഘടന, ഒരു ക്ഷേത്രത്തിലെ മാനേജർ അല്ലെങ്കിൽ ശ്രീകാര്യകാരൻ, കരയോഗം സെക്രട്ടറി, എസ്.എൻ.ഡി.പി. ശാഖാ യോഗം സെക്രട്ടറി, പള്ളി അധികാരികൾ, ഇവരിലാരെങ്കിലും ഒരാളിൽനിന്നുള്ള സർട്ടിഫിക്കറ്റ്, ദമ്പതികൾ കഴിഞ്ഞ ഒരു വർഷത്തിലധികമായി ഒരുമിച്ച താമസിക്കുന്നുവെന്നത് കാണിക്കുന്നത് സംബന്ധിച്ച് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ എം.പി./എം.എൽ.എ.-യോ നൽകിയ ഒരു സർട്ടിഫിക്കറ്റ് എന്നിവയുൾപ്പെടെ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 20-9-2015 മുതൽ മിശ്രവിവാഹധന സഹായാർഹതയുള്ള കുടുംബവാർഷിക വരുമാന പരിധി 50,000 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഭാര്യയും ഭർത്താവും സംയുക്തമായാണ് സമർപ്പിക്കേണ്ടത്.

അന്തേവാസികൾക്കുള്ള ധനസഹായം

347 (1821) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടത്തുന്ന സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള ധനസഹായം എത്രയായിരുന്നുയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും എത്രയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്നും ആയത് എന്നു മുതൽ നൽകി തുടങ്ങിയെന്നും വിശദമാക്കുമോ;

(സി) ധനസഹായ വിതരണത്തിൽ കുടിശ്ശികയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതും ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള പ്രതിമാസ ഗ്രാന്റ് 5-1-2009 മുതൽ 150 രൂപയിൽ നിന്നും 200 രൂപയാക്കുകയും തുടർന്ന് 1-4-2010 മുതൽ പ്രാബല്യത്തിൽ 200 രൂപയിൽ നിന്നും 250 രൂപയായും 1-4-2012 മുതൽ പ്രാബല്യത്തിൽ 250 രൂപയിൽ നിന്നും 525 രൂപയായും 525 രൂപയിൽ നിന്നും 700 രൂപയായി 1-4-213 മുതൽ പ്രാബല്യത്തിലും 700 രൂപയിൽ നിന്നും 800 രൂപയായി 1-4-2014 മുതൽ പ്രാബല്യത്തിലും 800 രൂപയിൽ നിന്നും 1000 രൂപയായി 1-1-2015 മുതൽ പ്രാബല്യത്തിലും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം ഗ്രാന്റ് നൽകുന്നതിന് കുടിശ്ശിക ഉണ്ടായിരുന്നു. നടപ്പുവർഷം (2015-16) ലഭ്യമായ എല്ലാ അപേക്ഷകൾക്കും കുടിശ്ശിക ഉൾപ്പെടെ ഗ്രാന്റ് നൽകുന്നതിന് 15,99,64,000 രൂപ ബഡ്ജറ്റ് പ്രകാരവും 32,58,10,000 രൂപ അഡീഷണൽ അതറൈസേഷൻ വഴിയും ലഭ്യമാക്കിയിട്ടുണ്ട്.

കടുത്തുരുത്തിയിൽ കിലയുടെ റീജിയണൽ സെന്റർ

348 (1822) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂർ പഞ്ചായത്തിൽ കിലയുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് 5 ഏക്കർ വിട്ടു നൽകുന്നതു സംബന്ധിച്ച് 47573/RC4/LSGD/2014 ഫയൽ ഇപ്പോൾ ആരുടെ കൈവശമാണ്;

(ബി) പ്രസ്തുത ഫയലിൽ തീരുമാനം കൈക്കൊള്ളുന്നതിന് ഉണ്ടായിട്ടുള്ള ആശയക്കുഴപ്പം പരിഹരിച്ച് കില യുടെ റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 47573/RC4/LSGD/2014 നമ്പർ ഫയൽ ഇപ്പോൾ തദ്ദേശസ്വയംഭരണ(ആർ.സി.) വകുപ്പിലാണ് ഉള്ളത്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 1637, 1669, 1695 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly